**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് – കഴിഞ്ഞ രണ്ടു വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF) യിൽ നിന്നും 961.264 കോടി രൂപ അനുവദിച്ച് --ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(കൈ) നം.13/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, #ApprovedDate# 9/1/2020

പരാമർശം:- 1 ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 11.12.2019 ൽ കൂടിയ യോഗത്തിലെ തീരുമാനം

2 ചീഫ് എൻജിനിയർ 24.12.2019, 26.12.2019 എന്നീ തീയതികളിൽ സമർപ്പിച്ച പ്രൊപ്പോസലുകൾ .

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന, പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണ പ്രവൃത്തികൾ ക്കായി 1000 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പരാമർശം (1 ) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2018, 2019 ലെ പ്രളയത്തിൽ തകർന്നതും, 14 ജില്ലകളിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും, *റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ* ഉൾപ്പെടുത്താത്തതും, പുനർനിർമ്മിക്കേണ്ടതുമായ 11880.402 കി.മീ റോഡുകൾക്കായി 961.264 കോടി രൂപയുടെ പ്രൊപ്പോസലും, പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന്റെ മേൽനോട്ടത്തിനായി പ്രാദേശിക തലത്തിൽ ഒരു മോണിറ്ററിങ് കമ്മിറ്റിയും ജില്ലാ തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കണമെന്നും ശിപാർശ ചെയ്തുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം 2 പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2018, 2019 ലെ പ്രളയത്തിൽ തകർന്നതും, 14 ജില്ലകളിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും,*റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ* ഉൾപ്പെടുത്താത്തതും, പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" [Chief Minister's Local Roads Rebuild Project (CMLRRP)] എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF)യിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി പഞ്ചായത്ത്/നഗരസഭ തലത്തിൽ പഞ്ചായത്ത് പ്രതിനിധികൾ/ വാർഡ് കൗൺസിലർമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സമിതിയും കൂടാതെ ജില്ലാ തലത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയേർഡ്), ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂടാതെ അതാത് തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്.

4) പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചീഫ് എഞ്ചിനിയർക്ക് അനുവദിച്ച് നൽകുന്നതിനായി റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ.ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്.

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ / ആഡിറ്റ്/എൽബിഎ &എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി)വകുപ്പ്( ഇനം നം.3677 തീയതി 07/01/2020)

ധനകാര്യ വകുപ്പ്.

തദ്ദേശ സ്വയംഭരണ (EPA, DA, DB) വകുപ്പുകൾ

ഡയറക്ടർ,വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Romedee

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പി.എസ് ന്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ബഹു. റവന്യൂ – ഡിസാസ്റ്റർ മാനേജ്മെന്റ് & ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്